

ജൂലൈ 2025

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഈ ലക്കം താരകയിലേക്കുള്ള കത്ത് എഴുതുന്നത് ജൂൺ മാസം 25 നാണ്. ഇന്ത്യൻ അടിയന്തരാവസ്ഥയ്ക്ക് ഇന്ന് അൻപതാണ്ട്. 1975 ജൂൺ 25 ന് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഭരണഘടന ഉറപ്പ് നല്കിയ പൗരാവകാശങ്ങളാണ് ഹനിക്കപ്പെട്ടത്. ഏത് കാലഘട്ടത്തിലും പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ ജനാധിപത്യത്തെ വെല്ലുവിളിച്ചും അഭിപ്രായ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിട്ടും എതിർശബ്ദങ്ങളെ അടിച്ചമർത്തിയും നടപ്പിലാക്കുന്ന നയങ്ങൾ ഏത് ഭരണകൂടം ഏർപ്പെടുത്തിയാലും അത് തെറ്റാണെന്ന് തന്നെയല്ല, തിരുത്തപ്പെടേണ്ടതുമാണ്. സത്യത്തെ തമസ്ക്കരിക്കുന്നതിനോ സമത്വത്തെ ഇല്ലായ്മ ചെയ്യുന്നതിനോ പൗരസ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതിനോ ആർക്കും അവകാശമില്ല. മൗലികാവകാശത്തിന് മൂല്യമില്ലായെന്ന് ആര് പറഞ്ഞാലും അത് ചോദ്യം ചെയ്യപ്പെടുക തന്നെ വേണം. അതായിരുന്നു ഭാഗ്യസ്മരണീയനായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി അടിയന്തരാവസ്ഥ കാലത്ത് ചെയ്തിട്ടുള്ളതും. തിരുമേനിയുടെ പ്രവാചക ഇടപെടലുകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഇന്ത്യയുടെ അഭിമാനമായ ശുഭാംശു ശുക്ല ഉൾപ്പെടുന്ന ആക്സിയം 4 ദൗത്യത്തിന്റെ വിക്ഷേപണം വിജയകരമായി എന്നത് അഭിമാനകരമാണ്. ബഹിരാകാശത്ത് എത്തുന്ന രണ്ടാമത്തെ ഇന്ത്യക്കാരൻ എന്ന പദവിയും രാജ്യാന്തര ബഹിരാകാശനിലയത്തിലെത്തുന്ന ആദ്യ ഭാരതീയനെന്ന നേട്ടവും ലഖ്നൗ സ്വദേശിയായ ശുഭാംശു ശുക്ല കൈവരിച്ചു. ഇത് ഗഗൻയാൻ ദൗത്യമുൾപ്പെടെയുള്ള ഇന്ത്യൻ ബഹിരാകാശ പദ്ധതികൾക്ക് കരുത്തേകും എന്നതിന് സംശയമില്ല. ദൗത്യസംഘം നടത്തുന്ന വൈവിദ്ധ്യമാർന്ന പരീക്ഷണങ്ങൾ ശാസ്ത്ര ഗവേഷണങ്ങൾക്കും ബഹിരാകാശ ദൗത്യത്തിനും നവസാധ്യതകളൊരുക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

ഏതാണ്ട് രണ്ടുവർഷം മുമ്പാരംഭിച്ച പലസ്തീൻ - ഇസ്രായേൽ സംഘർഷങ്ങൾക്കു ഒരു പുതിയ വഴിത്തിരിവായി. പിറകിൽ നിന്ന് തന്ത്രങ്ങൾ മെനയുകയും ആയുധങ്ങൾ എത്തിച്ചു നൽകുകയും ചെയ്തിരുന്ന ഇറാനും യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയും പങ്കുകാരായതോടുകൂടി യുദ്ധം ചില വ്യക്തികൾ തമ്മിലുള്ള ബല പരീക്ഷണമായി മാറുന്നു. പുതിയ ആയുധങ്ങൾ പരീക്ഷിക്കുവാനുള്ള അവസരമായി ഈ യുദ്ധത്തെ മാറ്റി എന്നതിലുപരി ഒരു ഭരണാധികാരിയുടെ വ്യക്തി പ്രഭാവം ഉയർത്തുവാനുള്ള ഒരു അവസരമായും ഈ യുദ്ധം മാറുന്നു എന്നതാണ് നാം ഇപ്പോൾ കാണുന്നത്. ഇസ്രായേലും ഇറാനും യുഎസും തമ്മിൽ താൽക്കാലിക വെടിനിർത്തൽ പ്രഖ്യാപിച്ചു കഴിഞ്ഞു. ആർക്കാണ് കൂടുതൽ നേട്ടമെന്ന കണക്കെടുപ്പിലാണ് രാജ്യങ്ങൾ.

യുദ്ധങ്ങൾ ഏകപക്ഷീയമാവുക എന്നത് അത്ര എളുപ്പമല്ല എന്ന സൂചന നൽകിയാണ് ഈ യുദ്ധം താൽക്കാലികമായി അവസാനിക്കുന്നത്. എന്നാൽ പരസ്പരം പോരാടുമ്പോൾ മരിച്ചുവീഴുന്ന സാധാരണ ജനങ്ങളുടെ കുടുംബാംഗങ്ങളുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും കരച്ചിൽ ആര് കേൾക്കും? അധിനിവേശങ്ങളിലും രക്തച്ചൊരിച്ചിലിലും അഭയാർത്ഥികളെയും അശരണരെയും സൃഷ്ടിക്കുന്നതിലും 20-ാം നൂറ്റാണ്ടിനെയും പിന്നിലാക്കി 21-ാം നൂറ്റാണ്ട്. പലസ്തീനും ഇസ്രയേലും തമ്മിലുള്ള സംഘർഷം ഇനിയും അവസാനിച്ചതായി സൂചനകളില്ല. മരുന്നും ഭക്ഷണവും ലഭ്യമാകാതെ മരിച്ചുവീഴുന്ന ആയിരങ്ങൾ ഗാസയുടെ നേർകാഴ്ചകളാണ്. ഇത്തരം യുദ്ധങ്ങൾ എന്നിനി അവസാനിക്കും? നിരന്തരമായി കേൾക്കുന്നത് മൂലം നിലവിളികളെ സാമാന്യവത്ക്കരിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. കേവലം വാർത്തകൾ വായിച്ച് വിടുന്ന ലാഘവത്തോടെ നാം ദിനംതോറും യുദ്ധവിവരണങ്ങൾ വായിച്ച് മാറുന്നു. പശ്ചിമേഷ്യയിൽ നിന്നും ദൂരം കൊണ്ട് നാം അകലെയാണെന്ന് അറിയുന്നത് പോലെ നിലവിളിക്കുന്ന ജനങ്ങളിൽ നിന്നും നാം അകന്നു പോയിരിക്കുന്നു എന്നത് മനുഷ്യമനസ്സാക്ഷിയുടെ

മരവിപ്പിനെ വെളിവാക്കുന്ന വസ്തുതയാണ്. യുദ്ധം അവസാനിക്കുവാൻ ഐക്യരാഷ്ട്ര സംഘടനയും സമാധാനപ്രേമികളും നടത്തുന്ന ശ്രമങ്ങൾ വിജയകരമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

അഹമ്മദാബാദ് വിമാനാപകടം ഏറെ ദുഃഖകരമായി. പ്രതീക്ഷയോടു തങ്ങളുടെ ലക്ഷ്യസ്ഥാനത്തെത്തുവാൻ യാത്രതിരിച്ചവരിൽ ഒരാളൊഴികെ എല്ലാവരും നിമിഷങ്ങൾക്കുള്ളിൽ കത്തി ചാമ്പലായി മാറി. ബി. ജെ. മെഡിക്കൽ കോളേജ് സിവിൽ ആശുപത്രിയുടെ മെസ് കെട്ടിടത്തിലേക്ക് വിമാനം ഇടിച്ചിറങ്ങി അവിടെയും ആളപായവും അപകടവുമുണ്ടാക്കി എന്നത് ദുരന്തത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. യന്ത്ര പിഴവായാലും പൈലറ്റുമാരുടെ തെറ്റായാലും മനുഷ്യ പ്രയത്നങ്ങളുടെ പരിമിതിയെയാണ് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നത്. സാങ്കേതിക പിഴവുകൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത എല്ലാവരിലും ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പുല്ലാട് സ്വദേശിനിയായ രഞ്ജിതയുടെ മരണം ആ കുടുംബത്തിനേൽപ്പിച്ച ആഘാതം വളരെ വലുതാണ്. ഓരോ കുടുംബങ്ങളുടെയും പ്രതീക്ഷയായിരുന്ന അനേകം ആളുകൾ വിസ്മൃതിയിലായി. അപകടത്തിൽ മരിച്ച എല്ലാവരുടെയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ മാർത്തോമ്മാ സഭയും പങ്കുചേരുന്നു. സർവ്വശക്തനായ ദൈവം ശാശ്വതമായ സമാധാനം എല്ലാവർക്കും നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കേരള തീരത്ത് അടുത്ത സമയമുണ്ടായ രണ്ട് കപ്പലപകടങ്ങൾ നമ്മുടെ തീരങ്ങൾ എത്രത്തോളം ദുർബലമാണ് എന്ന് തെളിയിക്കുന്നതാണ്. കൊച്ചി തീരത്തുനിന്ന് 38 നോട്ടിക്കൽ മൈൽ അകലെയുണ്ടായ എം.എസ്.എസി. എൽസ 3 എന്ന ലൈബീരിയൻ കപ്പലപകടത്തിന്റെ വ്യാപ്തി ഇനിയും കൃത്യമായി കണക്കായിട്ടില്ല. കപ്പലുടമകളായ കമ്പനിക്കും ക്യാപ്റ്റനുമെതിരെ പൊലീസ് കേസ് എടുത്തിട്ടുണ്ട്. അപകടം ഉണ്ടാക്കാവുന്ന ആഘാതത്തെപ്പറ്റി ഫിഷറീസ് സർവകലാശാല പഠനം നടത്താനുള്ള തീരുമാനവുമെടുത്തിട്ടുണ്ട് എന്നാണ് മനസിലാകുന്നത്. ഈ കപ്പലിൽ 643 കണ്ടെയ്നറുകളുണ്ടായിരുന്നു എന്നാണ് പുറത്തുവന്ന വാർത്തകൾ. ഈ അപകടത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ ഉണ്ടാകാൻ പോകുന്നത് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കാണ്. അവരുടെ പ്രവർത്തന മേഖലയിൽ ദുരന്തസമാനമായ പ്രതിസന്ധിയാണുണ്ടായിരിക്കുന്നത്. ഈ അപകടത്തെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചതോടെ തൊഴിൽ നഷ്ടമുണ്ടായവർ നഷ്ടപരിഹാരത്തിന് അർഹരായി എന്നത് ആശ്വാസകരമാണ്. ഈ പ്രശ്നങ്ങൾ ശാസ്ത്രീയമായി വിലയിരുത്തേണ്ടതുണ്ട്.

ജനസംഖ്യാ പഠനത്തിനുള്ള ഐക്യ രാഷ്ട്ര സംഘടനയുടെ (UNFPA) റിപ്പോർട്ട് പ്രകാരം ഇന്ത്യൻ ജനസംഖ്യ 146.39 കോടിയിലെത്തി. രണ്ടാം സ്ഥാനത്തുള്ള ചൈനയേക്കാൾ 5 കോടിയാണ് കൂടുതൽ. ഇന്ത്യയിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ നാല് കോടിയുടെ വർധനവ് ഉണ്ടായി. ജനസംഖ്യയുമായി ബന്ധപ്പെട്ട് U.N. ന്റെ റിപ്പോർട്ട് പുറത്ത് വരുമ്പോൾ ഇന്ത്യയിലെ ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട സാഹചര്യം എന്താണെന്ന് കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യയിൽ 10 വർഷം കൂടുമ്പോഴാണ് സെൻസസ് നടക്കാറുള്ളതെങ്കിലും നിലവിൽ സെൻസസ് നടന്നിട്ട് 14 വർഷമായി. അവസാനത്തെ സെൻസസ് നടന്നത് 2011 ലാണ്. 2021-ൽ നടക്കേണ്ടിയിരുന്ന സെൻസസ് കോവിഡ് വ്യാപനം രൂക്ഷമായിരുന്നതിനാലാണ് മാറ്റിവെച്ചത്. പിന്നീടും സെൻസസ് അനന്തമായി നീളുകയാണ്. ഒരു രാജ്യത്തെ ഓരോ വിഭാഗങ്ങൾക്കും എങ്ങനെ വിഭവങ്ങൾ വിതരണം ചെയ്യണമെന്നും, എന്തെല്ലാം അടിസ്ഥാനപരമായ പ്രശ്നങ്ങളിലൂടെയാണ് ജനത കടന്നുപോവുന്നതെന്നും കൃത്യമായി മനസ്സിലാക്കാനുള്ള മാർഗ്ഗം കൂടിയാണ് സെൻസസ്. ജനസംഖ്യ സംബന്ധിച്ച് താഴേക്കിടയിൽ നിന്നുള്ള ഡേറ്റകൾ കൃത്യമായി ഉണ്ടെങ്കിലേ സർക്കാരിന്റെ ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവരിലേക്ക് എത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. 2011-ലെ കണക്കുകൾക്ക് ഇപ്പോൾ കൃത്യത കുറവാണെന്ന് വിദഗ്ധരെല്ലാവരും ഒരുപോലെ അഭിപ്രായപ്പെടുന്നു. അതിനാൽ സെൻസസ് എടുക്കുവാൻ ഇനിയും അമാന്തിച്ചുകൂടാ.

വൈദീക സമൂഹത്തെ ഓർത്തു പ്രാർത്ഥിക്കുവാൻ വേർതിരിച്ചിരിക്കുന്ന ദിവസമാണല്ലോ ജൂലൈ മാസം 13-ാം തീയതി ഞായറാഴ്ച. ക്രിസ്തു ശൈലിയാണ് പട്ടത്വ ശുശ്രൂഷയുടെ മാതൃക എന്ന ചിന്ത എല്ലാ ശുശ്രൂഷകരെയും ഭരിക്കണം. ജൂലൈ-ആഗസ്റ്റ് മാസങ്ങളിലായി സഭയിൽ പുതിയ പട്ടക്കാരുടെ നിയോഗ ശുശ്രൂഷകൾ ക്രമീകരിച്ചിരിക്കുന്നു. നിയോഗിതരാകുന്നവരെ പ്രത്യേകം ദൈവകരങ്ങളിലർപ്പിച്ച് പ്രാർത്ഥിക്കാം. കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് ദൈവരാജ്യത്തിന്റെ വ്യാപനത്തിനും സഭയുടെ കെട്ടുപണിക്കും ദൈവജനത്തിന്റെ ആത്മീയ അഭിവൃദ്ധിക്കും ഉതകുന്ന വിധത്തിൽ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ നിയോഗിതർ ഒരുക്കപ്പെടേണ്ടത് അനിവാര്യമാണ്. കാലാകാലങ്ങളിൽ അനുഗൃഹീത ശുശ്രൂഷകരെ സഭയ്ക്ക് നല്കുന്ന ദൈവത്തിന് സ്തോത്രം. അവരുടെ കലവറ കൂടാത്ത സമർപ്പണവും കണക്ക് നോക്കാതെ അദ്ധ്വാനിക്കാനുള്ള സന്നദ്ധതയും ദൈവരാജ്യമൂല്യങ്ങളോടുള്ള പ്രതിബദ്ധതയും സഭയ്ക്ക് എന്നും മുതൽക്കൂട്ടാണ്. എന്നാൽ ചിലപ്പോഴെങ്കിലും ഇടർച്ചകൾ സംഭവിക്കുന്നുണ്ട് എന്നതും ഒരു യാഥാർത്ഥ്യമാണ്.

നമ്മുടെ സെമിനാരികളുടെ ശുശ്രൂഷകളെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കണം. 2025 -26 കോട്ടയം മാർത്തോമ്മാ വൈദീക സെമിനാരിയുടെ ശതാബ്ദി വർഷമാണ്. മലങ്കര സുറിയാനി സഭയിലെ വൈദീകരുടെ പരിശീലനത്തിനായി 1813 ൽ കോട്ടയത്ത്

ആരംഭിച്ച സ്ഥാപനമാണ് പഴയ സെമിനാരി. രണ്ടാം തീത്തൂസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകത്തിന്റെ രജതജൂബിലി സ്മാരകമായി 1926 ലെ സെന്റ് തോമസ് ദിനത്തിലാണ് കോട്ടയം സീയോൻകുന്നിൽ വൈദിക സെമിനാരി സ്ഥാപിക്കുന്നതിന് സാധിച്ചത്. ഒരു നൂറ്റാണ്ട് കാലം വൈദികരെ അഭ്യസിപ്പിക്കുന്ന മഹത്തായ ശുശ്രൂഷ നിർവ്വഹിക്കുവാൻ മാർത്തോമ്മാ തിയളോജിക്കൽ സെമിനാരിയിലൂടെ ഇതിനോടകം സാധ്യമായി. സഭയുടെ ഭാവി അതിന്റെ ആത്മീയ നേതൃത്വം വഹിക്കുന്ന പട്ടക്കാരുടെ പരിശീലനത്തോടും ശുശ്രൂഷയോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ വൈദീക വിദ്യാഭ്യാസം പുതിയ നൂറ്റാണ്ടിൽ നവദർശനത്തോടും വർദ്ധിത ഉത്സാഹത്തോടും സഭ നിർവ്വഹിക്കേണ്ട ശുശ്രൂഷയത്രെ.

വൈദിക വിദ്യാഭ്യാസത്തിന് സമർപ്പിതരും യോഗ്യരുമായ വിദ്യാർത്ഥികളെ കണ്ടെത്തി സഭാ ശുശ്രൂഷയ്ക്കായി പ്രോത്സാഹിപ്പിച്ച് ഒരുക്കുന്നതിൽ ദൈവജനത്തിന്റെ പങ്ക് വലുതാണ്. ഇടവക തലത്തിൽ തന്നെ അതിനുള്ള അന്വേഷണവും അതിലൂടെ സഭയോടുള്ള ജനങ്ങളുടെ കരുതലും ഉണ്ടാകണം. വൈദീക ശുശ്രൂഷയിലേക്ക് മാത്രമല്ല, സുവിശേഷകരായും തക്ക ആളുകളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് അയയ്ക്കണം. 'കൊയ്ത്ത് വളരെയുണ്ട് വേലക്കാരോ ചുരുക്കം' എന്ന ക്രിസ്തുമൊഴി നമുക്ക് ഓർക്കാം. നമ്മുടെ സുവിശേഷ പരിശീലന ഇൻസ്റ്റിട്യൂട്ടുകളിൽ ഇനിയും ധാരാളം പഠിതാക്കളെ ആവശ്യമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഓരോ ഭാഷാപ്രദേശങ്ങളിൽ നിന്നും എല്ലാ വർഷവും ഓരാളെയെങ്കിലും വീതം സുവിശേഷവേലയ്ക്കായി പരിശീലനത്തിന് അയയ്ക്കണം. സുവിശേഷ തല്പരരും എന്നാൽ സാമ്പത്തിക പരാധീനതയുള്ളവരുമായ യുവജനങ്ങൾ ഉണ്ടെങ്കിൽ അത്തരത്തിലുള്ളവർക്ക് ആവശ്യമായ പിന്തുണ വ്യക്തികളോ ഇടവകയോ നല്കി അയയ്ക്കുന്നത് അഭികാമ്യമാണ്.

ജൂലൈ മാസം 3-ാം തീയതി മാർത്തോമ്മാ ശ്ലീഹാ ദിനമായി വേർതിരിച്ചിരിക്കുന്നു. ഇന്ത്യയുടെ അപ്പൊസ്തലെനെന്നു വിശേഷിപ്പിക്കുന്ന തോമസ് അപ്പോസ്തോലനെ സ്മരിക്കുന്ന ദിവസമാണിത്. 'എന്റെ കർത്താവും, എന്റെ ദൈവവുമേ' എന്ന വിശ്വാസ പ്രഖ്യാപനത്തിലൂടെ സ്വയം ക്രിസ്തുവിനായി സമർപ്പിച്ച അപ്പോസ്തോലനെപ്പോലെ നമുക്കും സമർപ്പിതരായിത്തീരാം. ക്രിസ്തുവിനെ സ്വന്ത കണ്ണാൽ കാണാതെ വിശ്വസിക്കില്ല എന്ന അപ്പോസ്തോലന്റെ ദൃഢ നിച്ഛയം വിശ്വാസത്തിന്റെ സ്ഫുടതയെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിനെ രുചിച്ചറിയുക എന്ന ക്ഷണത്തോടുള്ള നമ്മുടെ പ്രതികരണമാണ് നമ്മുടെ വിശ്വാസപ്രഖ്യാപനം എന്ന് നാം മറക്കരുത്.

വിദ്യാഭ്യാസ മേഖലയിൽ സഭയുടെ ഇടപെടലുകൾ എല്ലാക്കാലത്തും സംഗതമായി നിലനിർത്തേണ്ടത് അനിവാര്യമാണ്. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെയും സഭയുടെ സാക്ഷ്യവത്തായ ഇടപെടലുകൾ ഓരോകാലഘട്ടത്തിലും നാം നടത്തിയിട്ടുണ്ട്. പ്രാഥമിക വിദ്യാലയങ്ങളിൽ നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ ഒരു വെല്ലുവിളി തന്നെയാണ്. ഇവയുടെ പുനരുദ്ധാരണം അടിയന്തിരമായി നടത്തേണ്ടതുണ്ട്. സാമ്പത്തിക ശേഷിയുള്ള ഇടവകകൾ ഇത്തരം ആവശ്യങ്ങളിൽ സഹായിക്കാനായി പദ്ധതികൾ ഒരുക്കണം. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് അതിനുതകുന്ന ചില ക്രമീകരണങ്ങൾ ആലോചിച്ച് വരുന്നു. അതിൽ സാധ്യമാകുന്ന ഇടപെടലുകൾ നല്കി ഏവരും സഹായിക്കണം. പാഠ്യ-പാഠ്യേതര രംഗങ്ങളിലും കാലോചിതമായ നവീകരണം നടത്തി പഠനപ്രക്രിയ ഗുണപരമാക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബൊട്ടിക്സ് പഠനം എന്നിവയുടെ അടിസ്ഥാന തത്വങ്ങൾ ചെറിയ ക്ലാസ്സുകളിൽ തന്നെ വിദ്യാർത്ഥികൾക്ക് പകർന്ന് നൽകത്തക്കവിധം ക്രമീകരണങ്ങൾ ഉണ്ടാകണം. പഠിതാക്കളുടെ എണ്ണത്തേയും സ്കൂളിന്റെ നിലവാരത്തെയും അത് വ്യതിയാനപ്പെടുത്തും. നമ്മുടെ ഏതാനും സ്കൂളുകൾ അത്തരത്തിൽ പരിവർത്തിപ്പിച്ചിട്ടുണ്ടെന്നുള്ളത് പ്രോത്സാഹനജനകമാണ്.

സിലബസിനപ്പുറം വിദ്യാർത്ഥികൾക്ക് നല്ല ശീലങ്ങൾ പകർന്ന് നല്കുന്നതിനും പള്ളിക്കൂടങ്ങളും ഇടവകകളും പരിശ്രമിക്കണം. സ്വഭാവ വൈശിഷ്ട്യം, സമ്പാദ്യ ശീലം എന്നിവ വിദ്യാർത്ഥികളിൽ പകർന്ന് നല്കണം. ആത്മവിശ്വാസമുള്ളവരായി വിദ്യാർത്ഥികളെ വളർത്തുന്നതിനും സമൂഹത്തിന് ഗുണപരമായ വളർച്ച സാധ്യമാക്കുന്നതിനും ഇത് അനിവാര്യമാണ്. വളർന്ന് വരുമ്പോൾ കുടുംബ ബഡ്ജറ്റ് മാനേജ് ചെയ്യുന്നതിനും ഇത് സഹായകരമാകും. സാമ്പത്തിക വളർച്ച തേടി വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ഇന്നും തുടരുമ്പോൾ സ്വയം പര്യാപ്തതയിലേക്ക് നമ്മുടെ നാടിനെ നയിക്കാനുപയുക്തമാകുന്ന പ്രചോദനമാണ് പകർന്ന് നല്കേണ്ടത്. ലോകത്ത് സംഭവിക്കുന്ന ഗുണപരമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രാദേശിക തലത്തിൽ അത് പ്രാവർത്തികമാക്കുവാൻ പ്രേരണ നല്കുമ്പോഴാണ് നാടിന്റെ വികസനവും വിദ്യാഭ്യാസത്തോടൊപ്പം സാധ്യമാകുന്നത്. അതിനുതകുന്ന പഠനക്ലാസ്സുകൾ ക്രമീകരിക്കുകയും പരിശീലകരെ സജ്ജരാക്കുകയും വേണം. നമ്മുടെ കുമ്പനാട് ശാലേം മാർത്തോമ്മാ യുവജനസഖ്യത്തിന്റെ നേതൃത്വത്തിലുള്ള മാനവ വികാസ കേന്ദ്രത്തിന്റെ ഇത്തരത്തിലുള്ള സംരംഭങ്ങൾ ശ്ലാഘനീയമാണ്. കേരള സർക്കാർ സഹകരണ വകുപ്പും വിദ്യാഭ്യാസ വകുപ്പും ഇത്തരത്തിലുള്ള ഇടപെടലുകൾ ആരംഭിച്ച് കഴിഞ്ഞു.

ഭാഗ്യസ്മരണീയരായ സഭാപിതാക്കന്മാരുടെ നാമധേയത്തിൽ പല സേവന, സംഘടനാ പ്രവർത്തന

ങ്ങളും പൊതു ഇടങ്ങളിൽ നടത്തിവരുന്നതായി മനസ്സിലാക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള സംഘടനകൾക്ക് സഭയുമായുള്ള ബന്ധത്തെ സംബന്ധിച്ച് അഭ്യൂഹങ്ങൾ നിലവിലുണ്ട്. പത്മഭൂഷൺ മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ എന്ന പേരിലുള്ള സംഘടന സഭയുടെ ഔദ്യോഗിക സംഘടനയല്ല. മറിച്ചുള്ള പ്രചരണങ്ങൾ യാഥാർത്ഥ്യമല്ല എന്നത് ഏവരെയും അറിയിക്കുന്നു.

നമ്മുടെ കിഴക്കൻമുത്തൂർ സെന്റ് പോൾസ് മാർത്തോമ്മാ ഇടവകാംഗം ശ്രീ. വർഗീസ് സി. തോമസ് കേരള സംസ്ഥാന സർക്കാരിന്റെ മാധ്യമ പുരസ്കാരത്തിന് അർഹനായി. അച്ചടി വിഭാഗം വികസനോന്മുഖ റിപ്പോർട്ടിംഗിൽ 'അപ്പർ കുട്ടനാട്, ഉയരെ ദുരിതം' എന്ന വാർത്താപരമ്പരയാണ് അവാർഡിന് അർഹമായത്. മാർത്തോമ്മാ സഭാ പരിസ്ഥിതി കമ്മീഷൻ അംഗം കൂടിയാണ് ശ്രീ. വർഗീസ് സി. തോമസ്. അദ്ദേഹത്തിന് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ദുബായ് മാർത്തോമ്മാ ഇടവകയുടെ രൂപീകരണത്തിന് നേതൃത്വം നൽകിയ ഒരു വ്യക്തിയും, ദുബായിലെ ബിസിനസ് രംഗത്തെ പ്രമുഖനുമായ ശ്രീ. എം. ജോൺ (ഭാട്ടിയ ജോൺ) നിര്യാതനായി. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ജൂലൈ മാസത്തേക്കുള്ള ആരാധനാ ചിന്താ വിഷയങ്ങളും വേദവായന ക്രമീകരണങ്ങളും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച സഭയുടെ കെട്ടുപണിയുടെ ശാക്തീകരണവും അതിന്റെ ദിശാബോധവും പ്രകടമാക്കുന്നതാണ്. ജൂലൈ ആറാം തീയതി ഞായറാഴ്ച ദശാംശ സമർപ്പണ ദിനമായി സഭ വേർതിരിച്ചിരിക്കുന്നു. സഭയുടെ സന്ധാരണവും കരുതലിന്റെ ശുശ്രൂഷകളും ദൈവജനത്തിന്റെ ഔദാര്യ ദാനങ്ങളിലൂടെയാണ് നിർവഹിക്കപ്പെടേണ്ടത് എന്ന ശക്തീകരണം പഴയ- പുതിയ നിയമ വായനകളിൽ ഉണ്ട്. ദശാംശ സമർപ്പണം, ഭൗതിക വസ്തുവകകളുടെ മേലുള്ള ദൈവിക ഉടമസ്ഥാവകാശത്തെ അംഗീകരിക്കുന്നതിന്റെ അടയാളമാണ്. ഹൃദയപൂർവ്വമായ സമർപ്പണമാണ് ദൈവം അംഗീകരിക്കുന്നത് എന്ന് ഭണ്ഡാരത്തിൽ രണ്ട് കാശിട്ട വിധവയുടെ സമർപ്പണത്തെ പുകഴ്ത്തിയ യേശുതമ്പുരാനും പ്രസ്താവിച്ചു. സഭ ദൈവകരുതലിന്റെ കലവറയായിരിക്കുന്നതിന് ദൈവജനങ്ങളുടെ മനപ്പൂർവമായ സമർപ്പണങ്ങൾ ഉണ്ടാകട്ടെ.

ജൂലൈ 13 ഞായറാഴ്ച, വൈദിക ഞായറായി സഭ ആചരിക്കുന്നു. സഭാ നാഥനായ ക്രിസ്തുവിനോടും സഭയോടും കൂറും പ്രതിബദ്ധതയും ഉള്ള പട്ടത്വ സമൂഹമാണ് ദൈവരാജ്യ ശുശ്രൂഷകളിൽ നേതൃത്വം നൽകേണ്ടത്. എല്ലാ വൈദികർക്കും മാതൃക യേശുക്രിസ്തുവും കർത്താവിന്റെ ജീവിതശൈലിയും ആണ്. ഈ വൈദിക ഞായർ ദൈവീക നിയോഗം സ്വീകരിച്ച എല്ലാ വൈദികർക്കും പുനഃസമർപ്പണത്തിന്റെ ദിവസമായി തീരട്ടെ.

ജൂലൈ 20-ാം തീയതി, വിശുദ്ധ മാമോദീസ എന്ന കർത്തൃകല്പിത കൂദാശയെ കുറിച്ച് ധ്യാനിക്കുന്ന ദിവസമാണ്. വിശുദ്ധ മാമോദീസ ക്രിസ്തുവിനോട് ചേരുന്ന അർത്ഥതലത്തെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തീയ ഭവനങ്ങളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു ശൈശവത്തിൽ തന്നെ മാമോദീസ നൽകുന്നതും, പ്രൗഢപ്രായത്തിൽ കർത്താവിനെ സ്വീകരിച്ചു വരുന്നവർക്ക്, അപ്പോൾ മാമോദീസ നൽകുന്നതുമായ പതിവാണ് സഭ സ്വീകരിച്ചിട്ടുള്ളത്. മാമോദീസ ഒരിക്കൽ മാത്രം എന്ന പ്രമാണമാണ് സഭയ്ക്കുള്ളത്. അടിസ്ഥാനപരമായും സഭാ ജീവിതത്തിലേക്കുള്ള പ്രവേശനവും, സഭയിലുള്ള വളർച്ചയ്ക്ക് ആവശ്യമായ പരിശുദ്ധാത്മ വരവുമാണ് മാമോദീസയിലൂടെ നൽകപ്പെടുന്നത്. ക്രിസ്തുവിൽ വളരുക എന്ന വലിയ വിശ്വാസ പ്രതികരണമാണ് മാമോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും കാണിക്കേണ്ടത്.

ജൂലൈ 27-ാം തീയതി ദൈവരാജ്യ ശുശ്രൂഷയ്ക്ക് വേണ്ടിയുള്ള അഭ്യസനം എന്ന വിഷയത്തെപ്പറ്റി സഭ ധ്യാനിക്കുന്നു. വിശ്വാസികൾ ദൈവരാജ്യത്തിന്റെ പ്രജകളും പ്രതിനിധികളുമാണ്. ദൈവരാജ്യ മൂല്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും വേണ്ടി സഹനങ്ങൾ നേരിടുന്നതിന് വിശ്വാസികൾ ഒരുക്കപ്പെടേണ്ടതുണ്ട്. കൽദയ രാജ്യത്ത് പ്രവാസികൾ ആയിരുന്ന യഹൂദ ബാലന്മാരും, സുവിശേഷം നിമിത്തം പീഢനങ്ങളും സഹനങ്ങളും ഏറ്റുവാങ്ങിയ പൗലോസും അനുവാചകരെ ഓർമിപ്പിക്കുന്നത് അതേ ശൈലി പിന്തുടരുവാൻ ആണ്. ഉള്ളിൽ വസിക്കുന്ന ദൈവവചനത്തിന്റെ സ്വാധീനത്താലാണ് അപ്രകാരമുള്ള സന്നദ്ധത ഉണ്ടായി വരുന്നത്. അബ്രഹാമിന്റെ വിശ്വാസ പൈതൃകം പിന്തുടരുന്നവർ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യേണ്ടവരാണ്. അത് ചെയ്യുന്നില്ലെങ്കിൽ അവർ ഭോഷ്കിന്റെ മക്കൾ ആകും. സത്യം അറിയുകയും സത്യത്താൽ സ്വതന്ത്രരാക്കപ്പെടുകയും ചെയ്യുന്ന വ്യക്തികൾക്കാണ് ദൈവരാജ്യ നിർമ്മിതിയിൽ പങ്കാളികളാകാൻ കഴിയുന്നത്. ഭവനത്തിലും ദൈവാലയത്തിലും വിദ്യാലയത്തിലും എല്ലാം സത്യത്തിന്റെ സാക്ഷികളെ വളർത്തിയെടുക്കുവാൻ നമുക്ക് സാധിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius
Malabar

പൂലാത്തീൻ
25.06.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**